LIBRARY ARCHIVES Kerala Legislative Assembly

## ഓപ്പൺ സ്കൂൾ സ്വയം പഠന സഹായി നിർമ്മാണ ശിൽപ്പശാലയിലെ ക്രമക്കേടുകൾ

3 [300] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂളിൽ 2004-ന് ശേഷം ഹയർ സെക്കൻഡറി ഒന്നും രണ്ടും വർഷ സ്വയം പഠന സഹായി നിർമ്മാണ ശിൽപ്പശാലയ്ക്കായി എത്ര ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്;

(ബി) ഇപ്രകാരം ഏതെല്ലാം പുസ്തകങ്ങളുടെ സ്വയം പഠന സഹായികൾ പൂർണമായി പ്രസിദ്ധീകരിച്ച് വിദ്യാർത്ഥികൾക്ക് നൽകിയിട്ടുണ്ട്;

(സി) മുൻവർഷങ്ങളിലെ പഠന സഹായികളുടെ പുറംചട്ടമാത്രം മാറ്റി വിദ്യാർത്ഥികൾക്ക് നൽകിയിട്ടുണ്ടോ;

(ഡി) ശിൽപശാല ക്രമക്കേടുകൾ എന്തെങ്കിലും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ശിൽപ്പശാല ക്രമക്കേടുകളെക്കുറിച്ച് വിജിലൻസ് അന്വേഷണം നടക്കുന്നുണ്ടോ?

### ഉത്തരം

(എ) 12,48,880 രൂപ (പന്ത്രണ്ട് ലക്ഷത്തി നാൽപത്തി എട്ടായിരത്തി എണ്ണൂറ്റി എൺപതി രൂപ മാത്രം).

(ബി) 20 വിഷയങ്ങളുടെയും പഠന സഹായികൾ വിതരണം ചെയ്തിട്ടുണ്ട്.

(സി) ഇല്ല.

(ഡി & ഇ) വിജിലൻസ് അന്വേഷണം നടക്കുന്നുണ്ട്.

## ഓപ്പൺ സ്കൂൾ വിദ്യാർത്ഥികളുടെ കമ്പ്യൂട്ടർ പഠനം

4 [301] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സ്റ്റേറ്റ് ഓപ്പൺ വിദ്യാർത്ഥികളുടെ കമ്പ്യൂട്ടർ തിയറി, പ്രാക്ടിക്കൽ ക്ലാസുകൾ എന്നിവ നടത്തുവാനുള്ള കരാർ 2003 മുതൽ സർക്കാർ ഏജൻസിക്കാണോ നൽകി വരുന്നത്;

(ബി) ഇപ്രകാരം ക്ലാസുകൾ നടത്തുന്ന ഏജൻസികളുടെ പേരുവിവരം ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) ഇതിലേക്കായി ഓരോ വർഷവും എത്ര ലക്ഷം രൂപ വീതം നൽകി വരുന്നുവെന്ന് വെളിപ്പെടുത്താമോ?